## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

19.03.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3811

അന്തിമ മറുപടി

# അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകൾ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) അടച്ചുപൂട്ടിയിട്ടുള്ള സർക്കാർ സ്കൂളുകൾ ഇതര ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളുടെ പ്രാധാന്യവും പൊതുസ്വഭാവവും സാമൂഹിക പ്രാധാന്യവും മറ്റും വിവിധ തലങ്ങളിൽ പരിശോധിച്ചതിന് ശേഷം മാത്രമാണ് ടി സ്കൂളുകൾ വിട്ടുനൽകുന്നത് സംബന്ധിച്ച തീരുമാനം സർക്കാർ തലത്തിലെടുക്കുന്നത്. |
| (ബി) നാളിതുവരെ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകിയ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) & (സി) & (ഡി) നാളിതുവരെ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകിയ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കുകളും അവ ഏത് സ്ഥാപനങ്ങൾക്ക് നൽകിയെന്നത് സംബന്ധിച്ച വിശദാംശവും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതിയും ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു. |
| (സി) ഇത്തരത്തിൽ അനുവദിച്ച് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | |
| (ഡി) സർക്കാർ സ്ഥാപനങ്ങൾ അല്ലാതെ മറ്റ് ഏജൻസികൾക്ക് സ്കൂളുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | |

**1) തിരുവനന്തപുരം ജില്ല**

| | |
|---|---|
| 1. ഗവ.എൽ.പി.എസ്, നിലയ്ക്കാമുക്ക് | 1) കേരള യൂണിവേഴ്സിറ്റി യു.ഐ.ടി. സെന്റർ |
| 2. ഗവ.എൽ.പി.എസ്. കണ്ണമ്മൂല | 2) സ്റ്റിച്ചിംഗ് ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം കോർപ്പറേഷൻ |

**2) ആലപ്പുഴ ജില്ല**

| | |
|---|---|
| കാഞ്ഞിരംചിറ ഗവ.എൽ.പി.എസ്, | ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, കാഞ്ഞിരംചിറ |

### 3) കോട്ടയം ജില്ല

| | |
|---|---|
| 1. ഗവ.എൽ.പി.എസ്, കാണിയ്ക്കാട് | 1)പാലാ ബി.ആർ.സി. |
| 2. ഗവ.യു.പി. ഗേൾസ് സ്കൂൾ, പാല | 2) മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം |

### 4) കോഴിക്കോട് ജില്ല

| | |
|---|---|
| 1. ഗവ.എൽ.പി.എസ്, എരഞ്ഞിപ്പാലം | 1) സ്പെഷ്യൽ കോർട്ട്. എരഞ്ഞിപ്പാലം |
| 2. ഗവ.എൽ.പി.എസ്. നെല്ലിക്കോട് | 2) സി-ആപ്റ്റ്, നെല്ലിക്കോട് |
| 3. നഗരം ജി.എൽ.പി.എസ്. | 3) ശില്പ നഗരം പദ്ധതിയുടെ ഭാഗമായി ശില്പ നിർമ്മാണം |

### 5) കണ്ണൂർ ജില്ല

| | |
|---|---|
| കാനത്തൂർ ഗവ.യു.പി.എസ്, പയ്യാമ്പലം, കണ്ണൂർ | ഹയർ സെക്കന്ററി റീജിയണൽ ഡയറക്ടറേറ്റ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ചുവരികയും മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങൾക്കല്ലാതെ മറ്റ് ഏജൻസികൾക്ക് ടി സ്കൂളുകൾ വിട്ടുനൽകിയിട്ടില്ല.

(ഇ) മറ്റ് എജൻസികൾക്ക് സർക്കാർ സ്ഥലം നൽകുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വ്യക്തമായ പരിശോധന പൂർത്തിയാക്കിയശേഷം സ്ഥലം വിട്ടു നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) & (എഫ്) മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്.
വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ആയതിൽ ഉചിതമായ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ